Published on 04-08-17

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 72

# 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

1031/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ "മൂല്യവർദ്ധിത നികുതി" എന്ന വാക്കുകൾക്ക് ശേഷം "ചരക്കു സേവനനികുതിയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ചുമത്താവുന്ന അങ്ങനെയുള്ള ഏതെങ്കിലും നികുതി," എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 12) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

1031/2017.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2017 ജൂലൈ 1-ാം തീയതി മുതൽ ചരക്ക് സേവന നികുതി (ജിഎസ്റ്റി) നിലവിൽ വന്നതിനാൽ 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19-ാം ആക്റ്റ്) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവചിച്ചിട്ടുള്ള "ക്രയ മൂല്യം" എന്ന പദത്തിൽ ജിഎസ്ടി കൂടി ഉൾപ്പെടുത്തുന്നതിനും ഈ ആവശ്യത്തിനായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ്, 2017 ജൂൺ 30-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 12-ാം നമ്പർ ഓർഡിനൻസ് ആയി 2017 ജൂൺ മാസം 30-ാം തീയതിയിലെ 1369-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

തോമസ് ചാണ്ടി

(ശരിത്തർജ്ജമ)

## 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1976-ലെ 19)

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

"(ഇ) "ക്രയമൂല്യം" എന്നാൽ പർച്ചേസ് ഇൻവോയ്സിൽ കാണിച്ച വാഹനത്തിന്റെ വില എന്നർത്ഥമാകുന്നതും അതിൽ വാഹനങ്ങളിൻമേൽ ചുമത്താവുന്ന മൂല്യവർദ്ധിത നികുതി, സെസ്, കസ്റ്റംസ്/എക്സൈസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ, ക്രയമൂല്യം കണക്കാക്കുന്നതിനായി രജിസ്റ്റർ ചെയ്ത ഉടമയ്ക്ക് വ്യാപാരി നൽകിയ ഡിസ്കൗണ്ട് അല്ലെങ്കിൽ റിബേറ്റ്, ബിൽ തുകയിൽ നിന്ന് കിഴിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല മറ്റ് രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത ഒരു വാഹനത്തിന്റെയോ വിലയ്ക്ക് വാങ്ങൽ മുഖേനയല്ലാതെ മറ്റു വിധത്തിൽ ആർജ്ജിച്ചതോ കരസ്ഥമാക്കിയതോ ആയ ഒരു വാഹനം ഉൾപ്പെടെ ഏതെങ്കിലും വാഹനത്തിന്റെ ക്രയമൂല്യം ഇൻവോയ്സ് ലഭ്യമല്ല എന്ന കാരണത്താൽ കണക്കാക്കുവാൻ കഴിയാത്തിടത്ത്, ക്രയമൂല്യം എന്നത്, അതതു സംഗതി പോലെ, നേരത്തെ രജിസ്റ്റർ ചെയ്തതോ നിർമ്മാതാക്കളുടെ പക്കൽ ലഭ്യമായതോ ആയ സമാനസവിശേഷതകളുള്ള വാഹനങ്ങളുടെ മൂല്യമോ വിലയോ അല്ലെങ്കിൽ കസ്റ്റംസ് ഡ്യൂട്ടി ഈടാക്കുന്ന ആവശ്യത്തിനായി കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് വകുപ്പ് നിശ്ചയിച്ച പ്രകാരമുള്ള മൂല്യമോ വിലയോ ആയിരിക്കുന്നതും അതിൽ മോട്ടോർ വാഹനം വാങ്ങിയപ്പോൾ ഈടാക്കിയ, അതതു സംഗതിപോലെ, എക്സൈസ് ഡ്യൂട്ടിയോ കസ്റ്റംസ് ഡ്യൂട്ടിയോ, ഉൾപ്പെടുന്നതുമാകുന്നു.";

** ** ** **